**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3103** **13.03.2017 ൽ മറുപടിയ്ക്ക്**

**തരിശ് ഭൂമികളിലെ കൃഷി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. കെ.വി.വിജയദാസ്** | **ശ്രീ. വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) തരിശായിക്കിടക്കുന്ന പൊതുസ്ഥലങ്ങളിൽ കൃഷി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതിയതായി 2900 ഹെക്ടർ സ്ഥലത്ത് തരിശു നിലത്തിൽ നെൽകൃഷിയിറക്കിയിട്ടുണ്ട്. 2752.09 ഹെക്ടർ സ്ഥലത്ത് കര നെൽകൃഷി ചെയ്തിട്ടുണ്ട്. കൂടാതെ 94 ഹെക്ടർ സ്ഥലത്ത് ഒരുപ്പൂനിലത്തിൽ ഇരുപ്പൂകൃഷി അധികമായി ചെയ്തിട്ടുണ്ട്. കൂടാതെ തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ കൃഷി വ്യാപിപ്പിക്കുന്നതിന് പച്ചക്കറി വികസന പദ്ധതി പ്രകാരം ഒരു ഹെക്ടറിന് 30,000 രൂപ ധനസഹായം നൽകുന്നുണ്ട് (കർഷകന് 25,000 രൂപയും കൃഷി ഭൂമിയുടെ ഉടമസ്ഥന് 5000 രൂപയും നൽകുന്നു). ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തരിശായി കിടക്കുന്ന 700 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിയിറക്കാനായി 2016-17 - ലെ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 210 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതുവരെ 477 ഹെക്ടർ തരിശുനിലങ്ങളിൽ കൃഷിയിറക്കാൻ കഴിഞ്ഞിട്ടുണ്ട്. ബാക്കി സ്ഥലത്ത് കൃഷിയിറക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| ബി | നിലവിൽ നാമമാത്രമായ കൃഷി നടക്കുന്ന സ്ഥലങ്ങളിൽ കൃഷി വകുപ്പിന്റെ സേവനം ലഭ്യമാക്കി ശാസ്ത്രീയമായി കൃഷി ചെയ്ത് അവിടങ്ങളിൽ ഔട്ട്-ലെറ്റുകൾ ഒരുക്കി ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് നടപടി സ്വീകരിയ്ക്കുമോ? | ബി) | നിലവിൽ നാമമാത്രമായി പച്ചക്കറി കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ കൃഷിയ്ക്കായി കൂടുതൽ സ്ഥലം ലഭ്യമാണെങ്കിൽ കൃഷി വ്യാപിപ്പിച്ച് ക്ലസ്റ്റർ അടിസ്ഥാനത്തിൽ കൃഷി ചെയ്യാനും ഈ ക്ലസ്റ്ററുകളെ ഗ്രേഡ് ചെയ്തോ അല്ലാതെയോ അവിടങ്ങളിൽ ഉൽപാദിപ്പിക്കുന്ന പച്ചക്കറികൾ വിൽപ്പന നടത്താൻ ക്ലസ്റ്റർ മാർക്കറ്റുകൾ രൂപീകരിക്കാനും പച്ചക്കറി വികസന പദ്ധതിയിൽ സഹായം നൽകി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**